**യൂണിവേഴ്സിററി ലൈവ്സ്റ്റോക്ക് ഫാം ആൻറ് ഫോഡർ റിസർച്ച് ആൻറ് ഡവലപ്മെൻറ് സ്കീം**
കേരള വെറ്ററിനറി ആൻറ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
മണ്ണുത്തി പി.ഒ, തൃശൂർ, കേരള, ഇൻഡ്യ-680 651
ഫോൺ :0487-2370302 ഇമെയിൽ :ulfmty@kvasu.ac.in

നം. യു.എൽ.എഫ്/എം.ടി.വൈ/ജി/1863/2019 മണ്ണുത്തി, തീയതി 02.12.2023

# നോട്ടീസ്

കേരള വെറ്ററിനറി ആൻറ് ആനിമൽ സയൻസ് സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി ലൈവ്സ്റ്റോക്ക് ഫാം & ഫോഡർ റിസർച്ച് ഡെവലപ്മെന്റ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ഒരു വർഷം ദൈർഘ്യമുള്ള സ്റ്റൈപെന്റോട് കൂടിയ പരിശീലന പരിപാടിയായ "ഫോഡർ ക്രോപ്പ് ഡെവലപ്മെൻറ് ആർമി" 2024 വർഷത്തേക്കുള്ള **നേരിട്ടുള്ള അഭിമുഖത്തിന്** അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ തൃശ്ശൂർ ജില്ലയിൽ സ്ഥിരതാമസമുള്ളവരും, 18 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ളവരും, നല്ല കായിക ക്ഷമതയുള്ളവരും ആയിരിക്കണം. സ്ത്രീകൾക്കും പുരുഷന്മാർക്കും അപേക്ഷിക്കാം.

തിരഞ്ഞെടുക്കപ്പെടുന്ന പരിശീലനാർത്ഥികൾ Rs.5850/- ഫീസ് പ്രവേശന സമയത്ത് ഒറ്റതവണ സർവ്വകലാശാലയിലേക്ക് അടക്കേണ്ടതാണ്. ഇവർക്ക് മാസം തോറും സർവ്വകലാശാലയിൽ നിന്നും 7500/- രൂപ സ്റ്റൈപെന്റ് നൽകുന്നതാണ്.

ഈ പരിശീലനത്തിനായുള്ള **നേരിട്ടുള്ള അഭിമുഖം 14.12.2023** രാവിലെ **10.00** മണിക്ക് നടത്തുന്നു. പങ്കെടുക്കുന്നവർ സ്ഥിരതാമസം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ റസിഡന്റ് സർട്ടിഫിക്കേറ്റ്, കായിക ക്ഷമത തെളിയിക്കുന്നതിനായി അസിസ്റ്റന്റ് സിവിൽ സർജൻ തസ്തികയിൽ കുറയാത്ത ഒരു മെഡിക്കൽ ഡോക്ടർ നൽകുന്ന ഫിസിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കേറ്റ്, സർക്കാർ അംഗീകരിക്കുന്ന വയസ്സ് തെളിയിക്കുന്ന രേഖ, ആധാർ കാർഡ് തുടങ്ങിയ രേഖകളുടെ അസ്സലും പകർപ്പും കൊണ്ടു വരേണ്ടതാണ്. ഈ പരിശീലനത്തിനായുള്ള സൗജന്യ അപേക്ഷ ഫോറം www.kvasu.ac.in എന്ന വെബ് സൈറ്റിൽ നിന്നും അല്ലെങ്കിൽ അന്നേ ദിവസം വരെ യൂണിവേഴ്സിറ്റി ലൈവ്സ്റ്റോക്ക് ഫാം, മണ്ണുത്തി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2370302, 9526862274 എന്ന നമ്പറിൽ ബന്ധപ്പെടുക.

02/12/23

കോഴ്സ് ഡയറക്ടർ
Fodder Crop Development Army,
ULF & FRDS, Mannuthy.
Phone No: 9526862274